**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6627** **11-11-2021 - ൽ മറുപടിയ്ക്ക്**

**സമാന്തര വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സമാന്തര വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കേരള സർവ്വകലാശാല - ശ്രീ നാരായണ ഗുരു ഓപ്പൺ സർവകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, കേരള സർവകലാശാലാ സിന്റിക്കേറ്റിന്റെ തീരുമാന പ്രകാരം 2020-21 ൽ പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദതലത്തിൽ തുടരുകയുണ്ടായി. 2021-22 അധ്യയന വർഷത്തിലും സമാന സാഹചര്യം നിലവിലുള്ളതിനാൽ 2021-22 അധ്യയന വർഷവും ബിരുദ കോഴ്സുകൾക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ തുടരാൻ സർവകലാശാലാ സിന്റിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ബിരുദാനന്തര-ബിരുദ കോഴ്സുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന ആരംഭിക്കുന്നതിനായുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല. മഹാത്മാഗാന്ധി സർവ്വകലാശാല – 2021-22 അദ്ധ്യയന വർഷം യു.ജി/പി.ജി പ്രോഗ്രാമുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല - യു.ജി.സി. നിബന്ധനകൾക്ക് വിധേയമായി 2020-21 അധ്യയന വർഷം മുതൽ ബിരുദാനന്തര-ബിരുദ പ്രോഗ്രാമുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ വഴി പ്രവേശനം നടത്തുന്നുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി.സി. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തി വരുന്നുണ്ട്. റെഗുലർ വിദ്യാഭ്യാസവും വിദൂര വിദ്യാഭ്യാസവും ഒരേ അക്കാദമിക് റെഗുലേഷൻസിനു കീഴിലാക്കി നിലനിർത്തുന്നുണ്ട്. സർവ്വകലാശാലയുടെ അധികാരപരിധിക്കു കീഴിലെ വിവിധ പ്രദേശങ്ങളിൽ ലേണർ സപ്പോർട്ട് സെന്ററുകൾ സ്ഥാപിച്ച് സമ്പർക്ക ക്ലാസ്സുകൾ നൽകിവരുന്നു. വിവിധ ഓൺലൈൻ മാധ്യമങ്ങളിലൂടെയും വിദൂരവിദ്യാഭ്യാസ വിഭാഗം വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകുന്നുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 2021 വർഷം |

| | | | |
|---|---|---|---|
| | | | വിദൂരവിദ്യാഭ്യാസ വിഭാഗം വഴി കോഴ്സുകൾ നടത്തുന്നതിനുള്ള യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | സമാന്തര വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിന് നിലവിലുള്ള ബിരുദ, ബിരുദാനന്തരബിരുദ കോഴ്സുകൾക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ അതത് യൂണിവേഴ്സിറ്റികളിൽ തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) | കേരള സർവ്വകലാശാല - ശ്രീ നാരായണ ഗുരു ഓപ്പൺ സർവകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, കേരള സർവകലാശാലാ സിന്റിക്കേറ്റിന്റെ തീരുമാന പ്രകാരം 2020-21 ൽ പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദതലത്തിൽ തുടരുകയുണ്ടായി. 2021-22 അധ്യയന വർഷത്തിലും സമാന സാഹചര്യം നിലവിലുള്ളതിനാൽ 2021-22 അധ്യയന വർഷവും ബിരുദ കോഴ്സുകൾക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ തുടരാൻ സർവകലാശാലാ സിന്റിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ബിരുദാനന്തര-ബിരുദ കോഴ്സുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന ആരംഭിക്കുന്നതിനായുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല. മഹാത്മാഗാന്ധി സർവ്വകലാശാല – 2021-22 അദ്ധ്യയന വർഷം യു.ജി/പി.ജി പ്രോഗ്രാമുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല - യു.ജി.സി. നിബന്ധനകൾക്ക് വിധേയമായി 2020-21 അധ്യയന വർഷം മുതൽ ബിരുദാനന്തര-ബിരുദ പ്രോഗ്രാമുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ വഴി പ്രവേശനം നടത്തുന്നുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി.സി. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തി വരുന്നുണ്ട്. റെഗുലർ വിദ്യാഭ്യാസവും വിദൂര വിദ്യാഭ്യാസവും ഒരേ അക്കാദമിക് റെഗുലേഷൻസിനു കീഴിലാക്കി നിലനിർത്തുന്നുണ്ട്. സർവ്വകലാശാലയുടെ അധികാരപരിധിക്കു കീഴിലെ വിവിധ പ്രദേശങ്ങളിൽ ലേണർ സപ്പോർട്ട് സെന്ററുകൾ സ്ഥാപിച്ച് സമ്പർക്ക ക്ലാസ്സുകൾ നൽകിവരുന്നു. വിവിധ ഓൺലൈൻ മാധ്യമങ്ങളിലൂടെയും വിദൂരവിദ്യാഭ്യാസ വിഭാഗം വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകുന്നുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 2021 വർഷം വിദൂരവിദ്യാഭ്യാസ വിഭാഗം വഴി കോഴ്സുകൾ നടത്തുന്നതിനുള്ള യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ